# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *96 12/03/2015 ൽ മറുപടിക്ക്

## സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>,, കെ.കെ.നാരായണൻ<br>,, ആർ. രാജേഷ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | നടപ്പ് അദ്ധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; മുൻവർഷത്തേതിൽ നിന്നും യൂണിഫോം വിതരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | എ) | നടപ്പ് അധ്യയന വർഷത്തെ സൗജന്യയൂണിഫോം വിതരണം സർക്കാർ മേഖലയിലെ എൽ.പി, യു.പി വിഭാഗങ്ങളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെ എല്ലാ പേർക്കും വിതരണം ചെയ്തിട്ടുണ്ട്. മുൻ വർഷം പൊതു വിദ്യാഭ്യാസ ഡയറക്ടർ എംപാനൽ ചെയ്ത കമ്പനികളിൽ നിന്നും ഹെഡ്മാസ്റ്റർമാർ നേരിട്ട് യൂണിഫോമിനായുള്ള തുണി വാങ്ങി വിതരണം നടത്തുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ നടപ്പുവർഷം യൂണിഫോം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത് സ്കൂൾ മാനേജ്മെന്റ് കമ്മറ്റികളെയാണ്. |
| ബി) | എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം വിതരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |
| സി) | എത്ര കുട്ടികൾക്കാണ് യൂണിഫോം വിതരണം ചെയ്യാൻ ഉദ്ദേശിച്ചത്; ഇതിനായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; | സി) | സർക്കാർ മേഖലയിലെ എൽ.പി, യു.പി വിഭാഗത്തിലെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ഒഴികെ താഴെ പറയുന്ന കുട്ടികൾക്ക് യൂണിഫോം എസ്.എസ്.എ മുഖേന നൽകുവാൻ ഉദ്ദേശിച്ചിരുന്നു. ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. |

| വിഭാഗം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ |
|---|---|---|
| എല്ലാ പെൺകുട്ടികൾക്കും | 441047 | 1764.19 |
| എസ്.സി.ആൺകുട്ടികൾ | 62655 | 250.62 |
| എസ്.റ്റി.ആൺകുട്ടികൾ | 18206 | 72.82 |
| ബി.പി.എൽ.ആൺകുട്ടികൾ | 258535 | 1034.14 |
| ആകെ | 780443 | 3121.77 |

ഡി) കഴിഞ്ഞ വർഷം യൂണിഫോം വിതരണം ചെയ്തതിന്റെ മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ടോ;

ഡി) മുഴുവൻ തുകയും നൽ കിയിട്ടുണ്ട്.

ഇ) അടുത്ത അദ്ധ്യയന വർഷം ആരംഭത്തിൽത്തന്നെ യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഇ) നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ